"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. മീനാകുമാരി എൽ -ന് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.31/2025/WCDD തീയതി,തിരുവനന്തപുരം, 26-01-2025

---

പരാമർശം:- 1. ശ്രീമതി. മീനാകുമാരി എൽ, അങ്കണവാടി വർക്കർ, സെന്റർ നം. 28, വടക്കേല, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റ്-ന്റെ അപേക്ഷ, തീയതി. 16/03/2024

2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/5203/2024-ICDSB6, തീയതി. 10/09/2024

**ഉത്തരവ്**

നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. മീനാകുമാരി എൽ, ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് 26/02/2024 മുതൽ ഓണറേറിയത്തോടു കൂടിയ അവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുതാവശ്യത്തിനായി 26/02/2024 മുതൽ ശ്രീമതി. മീനാകുമാരി എൽ എടുത്ത ഓണറേറിയമില്ലാത്ത അവധി ഹിസ്റ്ററക്ടമിയ്ക്കായി അനുവദിക്കുന്ന ഓണറേറിയത്തോടുകൂടിയ അവധിയായി സാധൂകരിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. ശ്രീമതി. മീനാകുമാരി എൽ ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 26/02/2024 മുതൽ 25/05/2024 വരെയുള്ള 90 ദിവസത്തെ കാലയളവിലേക്കാണ് ശ്രീമതി. മീനാകുമാരി എൽ-ന് ആരോഗ്യം വീണ്ടെടുക്കുന്നതിനായി ഡോക്ടർ നിർദേശിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. മീനാകുമാരി എൽ-ന്, പ്രസ്തുത വ്യക്തി തന്റെ ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അപേക്ഷയുടെയും വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമാവലിയിൽ ഇളവും മാനുഷിക പരിഗണനയും നൽകി 26/02/2024 മുതൽ 45 ദിവസത്തേയ്ക്ക് ഓണറേറിയത്തോടു കൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. മീനാകുമാരി എൽ, അങ്കണവാടി വർക്കർ, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റ് (വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (UO(R) No. WCD-1/276/2024-FIN (E:2970034) തീയതി. 26/12/2024 പ്രകാരം)

വെബ്&ന്യൂ മീഡിയ/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 27-01-2025 10:14:13